ഹൈസ്കൂൾ

കൂട

നിരീക്ഷണം



പ്രവർത്തനം 4

# പറ്റിച്ചേ...

ഇന്നലെ വൈകീട്ട് ഞാൻ മുറ്റത്തോട്ട് ഒന്ന് ഇറങ്ങിയതായിരുന്നു. മുറ്റത്ത് ഒരു ചെടിയിൽ ഒരു ചെറിയ കമ്പ് മാത്രം ഇരുന്ന് അനങ്ങുന്നു. കാറ്റ് ഒന്നും ഇല്ല. ശ്രദ്ധിച്ച് നോക്കിയപ്പോഴാണ് അതൊരു പ്രാണിയാണെന്ന് മനസ്സിലായത്. കഴിഞ്ഞ ദിവസം രീ .. രീ.... രീരീരീ .... എന്ന മണ്ണട്ടയുടെ ഒച്ചകേട്ട് ഞാൻ ആ പ്രദേശം മുഴുവൻ തിരഞ്ഞിട്ടും അതിനെ കണ്ടെത്താനായില്ല.

നിങ്ങൾക്കും ഇങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടില്ലേ? നമ്മുക്ക് ചുറ്റും ഇര പിടിക്കാൻ വേണ്ടിയും ഇര ആകാതിരിക്കാൻ വേണ്ടിയും ഇത്തരത്തിൽ ഒളിച്ചിരിക്കുന്ന ഒത്തിരി കൂട്ടുകാരുണ്ട്. പരിണാമം അവർക്ക് നൽകിയതാണ് ഈ സിദ്ധികൾ. നമുക്ക് ഇത്തരക്കാരെ ഒന്ന് കണ്ടെത്താൻ ശ്രമിച്ചാലോ? ഒളിച്ചിരിക്കുന്ന ഒരു കക്ഷിയെയെങ്കിലും കണ്ടെത്തുക. ഒളിച്ചിരിക്കാ



## ഹൈസ്കൂൾ

# കൂട

### നിരീക്ഷണം



## പ്രവർത്തനം 4

നുള്ള തന്ത്രം എന്താണ് എന്ന് നിരീക്ഷിക്കുക. അത് കുറിച്ചു വക്കുക. ഒളിച്ചിരിക്കുന്ന കക്ഷിയുടെ ചുറ്റുപാടും കൂടി കിട്ടത്തക്കവിധം വീഡിയോയോ ഫോട്ടോയോ എടുക്കുക.

**ഇനി ഇത്തരക്കാരെ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല എങ്കിൽ തൊട്ടാൽ വാടുന്ന തൊട്ടാവാടി പോലുള്ള അനുകൂലനങ്ങൾ ആയാലും മതി. ഇത്തരം അനുകൂലനങ്ങൾ ഉള്ള ധാരാളം ജീവികൾ ഉണ്ട്. അവയിൽ ഒന്നിനെയെങ്കിലും നിരീക്ഷിച്ച് വിശദമായ കുറിപ്പ് തയ്യാറാക്കൂ. വീഡിയോയും ഫോട്ടോയും ആകാം.**

